**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** — **05-02-2026 - ൽ മറുപടിയ്ക്ക്**

**അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയുടെ പുരോഗതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തെരുവുനായ പ്രശ്നം നിയന്ത്രിക്കാൻ രൂപീകരിച്ച അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതിയുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ; | (എ) | **പോർട്ടബിൾ എ ബി സി യൂണിറ്റുൾപ്പടെ 21 എ ബി സി സെന്ററുകളിലാണ് എ ബി സി പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നത്. ബഹു. സുപ്രീം കോടതി സ്വമേധയാ എടുത്ത WP(C) 5/2025 എന്ന കേസിലെ 2025 നവംബർ 7-)ാം തീയതിയിലെ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ എ ബി സി സെന്ററുകളുടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. തദ്ദേശ സ്വയം സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്നു. നിലവിൽ ABC യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, പോർട്ടബിൾ ABC യൂണിറ്റ് നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് 20 ABC സെന്ററുകളിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയയും, വാക്സിനേഷനും ഫലപ്രദമായി നടത്തി വരുന്നു. നിലവിലെ എ ബി സി സെന്ററുകൾ വിപുലീകരിക്കാനും, പുതിയ എ ബി സി സെന്ററുകൾ ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ആസ്ഥാനമാക്കി 2025 ഡിസംബർ 5 മുതൽ സംസ്ഥാനത്ത് ആദ്യമായി പോർട്ടബിൾ എ ബി സി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിലെ സജ്ജീകരണങ്ങൾ വച്ച് നിലവിൽ 8 സർജറി വീതം ചെയ്തു വരുന്നു. സ്ഥല ലഭ്യതയില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ക്ലസ്റ്റർ ആയി തിരിച്ച് സ്വകാര്യ ഏജൻസികളുടെ (NGO) സഹായത്തോടെ ഈ പോർട്ടബിൾ എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുക വകയിരുത്തി 14-ാമത്** |

| | | | |
|---|---|---|---|
| | | | ഫൈവ് ഇയർ പ്ലാൻ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിട്ടുണ്ട്. പദ്ധതിപ്രവർത്തനം സംസ്ഥാന വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ പോർട്ടബിൾ എ ബി സി യുടെ 7 യൂണിറ്റുകൾ 7 ജില്ലകളിലായി സ്ഥാപിക്കുന്നതിനു വേണ്ടി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ആരംഭിച്ച മൊബൈൽ യൂണിറ്റ് ഉപയോഗിച്ച് ടി മുനിസിപ്പാലിറ്റി പരിസര പ്രദേശങ്ങളിൽ അലഞ്ഞ് തിരിയുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കാൻ സാധിച്ചു. എ ബി സി പദ്ധതി നടപ്പിലാക്കുന്നത് വഴി തെരുവ് നായ്ക്കളുടെ പ്രജനനം തടയുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ ഇതു വഴി തെരുവ് നായ്ക്കളുടെ ആക്രമണ പ്രവണതയും ഗണ്യമായി കുറയുന്നതാണ്. സംസ്ഥാനത്ത് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | തെരുവുനായ നിയന്ത്രണത്തിൽ മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകൾ തമ്മിലുള്ള ഏകോപനം എങ്ങനെ ഉറപ്പാക്കുന്നു എന്ന് വിശദമാക്കാമോ? | (ബി) | മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് ABC സെന്ററുകളിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയയും, വാക്സിനേഷനും ഫലപ്രദമായി നടത്തി വരുന്നു. നിലവിലെ എ ബി സി സെന്ററുകൾ വിപുലീകരിക്കാനും, പുതിയ എ ബി സി സെന്ററുകൾ ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പുമായി ചർച്ച ചെയ്തു നടപടികൾ സ്വീകരിച്ച് വരുന്നു.തെരുവ് നായ ആക്രമണത്തിന് ഇരയാകുന്നവർക്ക് വാക്സിൻ. ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ